
സുരക്ഷിതരായി പുറത്തുകൊണ്ടുവന്നു.

പുറപ്പെടുവിക്കും.

# ഭൂതകാലത്തേക്ക് തിരിച്ചു നടത്തിയ ചോദ്യം



> **മൂത്ത സഹോദരന്റെ അവിചാരിതമായ വേർപാട് വല്ലാതെ ഉലച്ചു. തലേവർഷം നോവ്യഷേറ്റിലായിരിക്കുമ്പോൾ പിതാവും അകാലത്തിൽ വേർപിരിഞ്ഞിരുന്നു. കോവിഡ് മഹാമാരിയുടെ സമയമായിരുന്നതിനാൽ വീട്ടിലേക്ക് പോകാനോ പിതാവിനെ അവസാനമായി ഒരുനോക്ക് കാണാനോ കഴിഞ്ഞില്ല.**

**● ഫാ. ജോസ് ആലുങ്കൽ എസ്ഡിബി**

**സെ**മിനാരിയിലെ ബ്രദേഴ്സിന്റെ രൂപികരണവുമായി ബന്ധപ്പെട്ട ഒരു പരിശീലന പരിപാടിയിൽ സംബന്ധിക്കാൻ അടുത്തിടെ അവസരം ലഭിച്ചിരുന്നു. ഓരോരുത്തരുടെയും അജപാലന ശുശ്രൂഷയിൽ ഉണ്ടായിട്ടുള്ള ഒരു ഹൃദയസ്പർശിയായ അനുഭവം ഗ്രൂപ്പിൽ അവതരിപ്പിക്കണമായിരുന്നു. സെമിനാരിയിൽ എനിക്കുണ്ടായ ഒരനുഭവമായിരുന്നു ഞാൻ പങ്കുവച്ചത്. എന്റെ ആത്മീയ ജീവിതത്തെ വളരെ അധികം പ്രചോദിപ്പിച്ച ഒന്നായിരുന്നത്. സെമിനാരിയിലെ എന്റെ ആ വിദ്യാർത്ഥിയെ ശ്രദ്ധിക്കാൻ കാരണം അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതമായിരുന്നു. പൊതുവായിട്ടുള്ള പ്രാർത്ഥനാ സമയം കൂടാതെ ദിവസവും ഉറങ്ങുന്നതിന് മുമ്പായി അദ്ദേഹം ചാപ്പലിൽ വന്ന് പ്രാർത്ഥിക്കുമായിരുന്നു. വ്യക്തിപരമായി ദിവ്യകാരുണ്യ ഈശോയൊടൊപ്പം ഏറെ സമയം ചെലവഴിക്കുന്ന അദ്ദേഹത്തിന്റെ ആത്മീയ ജീവിതം എനിക്ക് വിസ്മയമായിരുന്നു.

## വേർപാട് അപ്രതീക്ഷിതം

ആ ദിവസങ്ങളിലാണ് ഈ ബ്രദറിനെ വല്ലാതെ ഉലച്ച ഒരു സംഭവമുണ്ടായത്. അദ്ദേഹത്തിന്റെ മൂത്ത സഹോദരന്റെ അവിചാരിതമായ വേർപാടായിരുന്നത്. വ്യക്തിജീവിതത്തിലുണ്ടായ നഷ്ടം ആ സഹോദരന് താങ്ങാവുന്നതിലും അധികമായിരുന്നു. തലേവർഷം നോവ്യഷേറ്റിലായിരിക്കുമ്പോൾ പിതാവും അകാലത്തിൽ വേർപിരിഞ്ഞിരുന്നു. കോവിഡ് മഹാമാരിയുടെ സമയമായിരുന്നതിനാൽ വീട്ടിലേക്ക് പോകാനോ പിതാവിനെ അവസാനമായി ഒരു നോക്ക് കാണാനോ കഴിഞ്ഞില്ല.

സെമിനാരിയിൽനിന്ന് അദ്ദേഹത്തിന്റെ വീട്ടിലേക്ക് 24 മണിക്കൂറിനടുത്ത് യാത്ര ഉണ്ടായിരുന്നു. ബ്രദർ വീട്ടിൽ എത്തിയതിന് ശേഷം മാത്രം സംസ്ക്കാരം നടത്താവൂ എന്ന് സെമിനാരിയിൽ നിന്ന് വീട്ടുകാരെ അറിയിച്ചിരുന്നു. എന്നാൽ വികസനം ഇനിയും എത്തിയിട്ടില്ലാത്ത ആ ഗ്രാമത്തിൽ മൃതശരീരം 24 മണിക്കൂറിൽ കൂടുതൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹം വീട്ടിൽ എത്തിയപ്പോഴേക്കും സംസ്കാരം കഴിഞ്ഞിരുന്നു. അങ്ങനെ ഒരു വർഷത്തെ ഇടവേളയിൽ ദൈവ സന്നിധിയിലേക്ക് യാത്രയായ പിതാവിനെയും ജേഷ്ഠനെയും അവസാനമായി ഒരുനോക്ക് കാണാനോ അന്ത്യചുംബനം നൽകാനോ സാധിച്ചില്ല. ആ ദിവസങ്ങളിൽ ഈ സഹോദരനെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ അദ്ദേഹം എങ്ങനെയായിരിക്കും വേദനാജനകമായ അനുഭവങ്ങളെയൊക്കെ സ്വീകരിച്ചിട്ടുണ്ടാവുക എന്ന ആവലാതി മനസിലുണ്ടായിരുന്നു. ഈ ദുരിത മുഖത്ത് നിസഹായനായി അദ്ദേഹം ദൈവത്തെ പഴിച്ചോ എന്നൊരു ചോദ്യം മനസിൽ ഉയർന്നിരുന്നു. അദ്ദേഹം പഴയതുപോലെ ഇനിയും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുമോ? തുടങ്ങിയ ചോദ്യങ്ങൾ മനസിൽ അസ്വസ്ഥത സൃഷ്ടിച്ചു.

## വേദനകളുടെ നടുവിലെ നാടകം

കുറച്ചു ദിവസങ്ങൾക്കുശേഷമാണ് ബ്രദർ സെമിനാരിയിൽ തിരികെ എത്തിയത്. ഞങ്ങളുടെ സെമിനാരി ഒരുക്കിയിരുന്ന വാർഷിക നാടകത്തിൽ ആ സഹോദരനും അഭിനയിക്കുന്നുണ്ടായിരുന്നു. ഭാവാഭിനയവും നൃത്തവുമൊക്കെ ആവശ്യമായ കഥാപാത്രമായിരുന്നു അദ്ദേഹത്തിന്റേത്. സെമിനാരിയിലേക്ക് തിരികെ വന്ന ദിവസം തന്നെ ഉച്ചയ്ക്ക് നാടക പരിശീലനത്തിന് ബ്രദർ വന്നിരുന്നു. തന്റെ കഴിവിന്റെ പരാമാവധി ശ്രമിക്കുന്നുണ്ടായിരുനെങ്കിലും ഹൃദയത്തിൽ തളംകെട്ടി നിൽക്കുന്ന ദുഃഖം മുഖത്തും ചലനങ്ങളിലും പ്രകടമായിരുന്നു. അന്നത്തെ പരിശീലനത്തിനുശേഷം കുറച്ച് ദിവസം പരിശീലനത്തിൽ നിന്ന് മാറിനിൽക്കുവാനും മനസ് ശാന്തമായെങ്കിൽ മാത്രം നാടകത്തിൽ അഭിനയിച്ചാൽ മതിയെന്നും ഞാൻ പറഞ്ഞു.

പരിശീലനത്തിൽ സാധാരണപോലെ പങ്കുകൊള്ളാമെന്നും അഭിനയം സാവധാനം മെച്ചപ്പെടുമെന്നും ബ്രദർ ഉറപ്പ് നൽകിയത് എന്നെ അത്ഭുതപ്പെടുത്തി. അനുദിനം തന്റെ അഭിനയവും നൃത്തവും മെച്ചപ്പെടുത്തുന്ന ബ്രദറിനെയാണ് തുടർന്നുള്ള ദിവസങ്ങളിൽ ഞാൻ കണ്ടത്. ഇനിമുതൽ രാത്രി ഉറങ്ങുന്നതിന് മുമ്പുള്ള വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് ഇനി ബ്രദർ വരുമോ എന്ന ഒരു സന്ദേഹം എനിക്കുണ്ടായിരുന്നു. എന്നെ അത്ഭുതപ്പെടുത്തികൊണ്ട് വരുക മാത്രമല്ല നേരത്തെതിലും കൂടുതൽ സമയം ദിവ്യകാരുണ്യ ഈശോയോടൊപ്പം ചെലവഴിക്കാൻ തുടങ്ങി.

## ദൈവം നൽകിയ തിരിച്ചറിവ്

ഈ അനുഭവത്തിന്റെ വിവിധ തലങ്ങൾ ആ ഗ്രൂപ്പിൽ ചർച്ചചെയ്തു. അതും പരിശീലന പരിപാടിയുടെ ഭാഗമായിരുന്നു. എന്തുകൊണ്ടാണ് ഈ പ്രത്യേക അജപാലന അനുഭവം തിരെഞ്ഞെടുക്കാൻ കാരണമെന്ന് ചർച്ചക്കിടയിൽ ഒരു വൈദികൻ എന്നോട് ചോദിച്ചു. ആ ചോദ്യം എന്റെ ഭൂതകാലത്തിലേക്ക് എന്നെ തിരികെകൊണ്ടുപോയി. എന്റെ പിതാവ് അവിചാരിതമായി കാൻസർ വന്ന് മരിച്ചപ്പോൾ അതിന് കാരണക്കാരനായി ഞാൻ ദൈവത്തെ കാണുകയും, ദൈവത്തോട് ക്ഷമിക്കാനാവാതെ അകന്ന് നിന്ന ദിനങ്ങൾ എന്റെ ജീവിതത്തിലുണ്ടായിരുന്നു. ആ ഓർമകളുടെ പശ്ചാത്തലത്തിൽ നിന്നതുകൊണ്ടാണ് എന്റെ മനസിൽ സംശയങ്ങൾ ഉണ്ടായത്.

ദുരന്തങ്ങൾ ഒന്നിന് പിറകെ വന്നിട്ടും ദൈവത്തോട് കൂടുതൽ ചേർന്നുനിന്ന ഈ സഹോദരന്റെ ആത്മീയ ജീവിതം ദൈവമെനിക്ക് നൽകിയ തിരിച്ചറിവായിരുന്നു. ഹൃദയത്തോട് ചേർന്ന് നിൽക്കുന്ന ദൈവത്തെ തിരിച്ചറിയാതെ, സഹനവേളകളിൽ നാമൊക്കെ ചോദിക്കുക നീ എവിടെയായിരുന്നു എന്നാണ്. എന്റെ സഹനങ്ങളിൽ, നൊമ്പരങ്ങളിൽ നീ എന്നെ ഒറ്റക്കാക്കി എന്ന കുറ്റപ്പെടുത്തലുകൾ ചിലപ്പോഴെങ്കിലും നമ്മുടെ ഭാഗത്ത് നിന്ന് ഉയർന്നിട്ടുണ്ടാവാം. ആ നിർണായക നിമിഷങ്ങളിൽകൂടെ നടക്കുന്ന, ദൈവത്തെ നാം തിരിച്ചറിയാതെ പോകുന്നതുകൊണ്ടാണ് കുറ്റപ്പെടുത്തലുകൾ ഉയരുന്നത്.

പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തിന്റെ കൂടെയല്ല, ദൈവം നമ്മോട് കൂടെയാണെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് അബാ പിതാവിൽ ആശ്രയിക്കാം. തന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്ന ദൈവ പിതാവിന്റെ കാരുണ്യത്തിൽ പ്രത്യാശയർപ്പിച്ച് മുമ്പോട്ടുപോകാം.